LIBRARY ARCHIVES Kerala Legislative Assembly

നദീജല സംരക്ഷണം

100(605) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളെ സംബന്ധിച്ച സമഗ്രമായ വിവര ശേഖരണം നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ ജലാശയങ്ങളെ സംബന്ധിച്ച സമഗ്രമായ വിവരശേഖരണം മൈനർ ഇറിഗേഷൻ സെൻസസ്സിന്റെ ഭാഗമായി നടത്തിവരുന്നു. കേന്ദ്ര ജലകമ്മീഷന്റെ മാർഗ്ഗനിർദ്ദേശവും ഇക്കാര്യത്തിൽ ലഭ്യമാകാറുണ്ട്. ആറാമത് മൈനർ ഇറിഗേഷൻ സെൻസസ്സ് പൂർത്തിയാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ സഹായത്തോടെയാണ് ഈ സർവ്വെ നടത്തുന്നത്. ഇതോടൊപ്പം കേരളത്തിലെ പൊതുകുളങ്ങൾ സംബന്ധിച്ച പ്രാഥമിക വിവരശേഖരണം ജലസേചന വകുപ്പിൻ കീഴിലെ ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിന്റെ (IDRB) നേതൃത്വത്തിൽ ശേഖരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 41500- ലേറെ കുളങ്ങളുള്ളതായി കണക്കാക്കുന്നു. ജലവിഭവ വിനിയോഗത്തിനായി വേണ്ടവിവരങ്ങൾ സംഗ്രഹിച്ചുകൊണ്ട് ഒരു സമഗ്രമായ സംവിധാനം ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ Kerala Water Resources Information System (Kerala -WRIS) എന്ന സോഫ്റ്റ്വെയറിന്റെ വികസനം കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഐ.ഡി.ആർ.ബി വിഭാവന ചെയ്യുകയും പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. ജലവിഭവങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഏകീകൃതമായ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ വികസിപ്പിക്കുവാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഹൈഡ്രോ -മെറ്റീരിയോളജിക്കൽ ഡാറ്റയുടെയും, റിസർവോയർ ഡാറ്റയുടെയും വിവര ശേഖരണത്തിനായി മൊബൈൽ അപ്ലിക്കേഷനും ഐ.ഡി.ആർ.ബി. വികസിപ്പിച്ചിട്ടുണ്ട്.

(ബി) ജലാശയ സംരക്ഷണത്തിനായി മുൻ സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ജലാശയങ്ങളുടെ സംരക്ഷണത്തിന് മുഖ്യ പരിഗണന നൽകുന്നതിനുള്ള പ്രവർത്തനങ്ങളാണ് നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി നിർവ്വഹിച്ചത്. ഓരോ തദ്ദേശ ഭരണസ്ഥാപനാടിസ്ഥാനത്തിലും സമഗ്ര നീർത്തടപ്ലാനുകൾ തയ്യാറാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ധരായ സന്നദ്ധ പ്രവർത്തകരുമടങ്ങുന്ന പ്രത്യേക സാങ്കേതിക സമിതികൾക്ക് രൂപം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും നീർത്തടനടത്തം, ദ്വിതീയ വിവരശേഖരണം, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എന്നിവ നടത്തി നീർത്തട പ്ലാനുകൾ/ നീർത്തട മാസ്റ്റർ പ്ലാനുകൾക്ക് രൂപം നൽകുകയും ചെയ്തു. നീർത്തടങ്ങൾ എന്നത് ജലസംരക്ഷണത്തിനുള്ള ഉത്തമമായ പ്രകൃതിദത്ത യൂണിറ്റായാണ് കണക്കാക്കുന്നത്. അതുകൊണ്ട് തന്നെ നീർത്തടപ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകികൊണ്ടാണ് ജലസേചന വകുപ്പ് വിവിധ ജലാശയങ്ങളുടെ സംരക്ഷണ നടപടി സ്വീകരിച്ചിട്ടുള്ളത്. കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, എക്കൽ/ചളി/മറ്റ് മാലിന്യങ്ങൾ നീക്കം ചെയ്യുക, ജലസ്രോതസ്സുകളുടെ ജല നിർഗ്ഗമന ചാലുകൾ ശുചിയാക്കുക, തോടുകളിലെ നീരൊഴുക്ക് സുഗമമാക്കി ഭൂജലപോഷണം സാധ്യമാക്കും വിധം വെന്റഡ് ക്രോസ് ബാറുകൾ, ചെറുതടയണകൾ എന്നിവ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നദീജല സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

കേരളത്തിലെ ജലലഭ്യത മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത് എന്നതുകൊണ്ട് തന്നെ നദീജല സംരക്ഷണം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നദീജല സംരക്ഷണത്തിനായാണ് പ്രധാനമായും ജലസേചന വകുപ്പിൻ കീഴിലെ ജലസംഭരണികൾ നിർമ്മിച്ചിട്ടുള്ളത്. നദികളിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ചും ജലസംരക്ഷണം നിർവ്വഹിക്കുന്നു. കൂടാതെ നദീജല സംരക്ഷണം സാധ്യമാകണമെങ്കിൽ നദീതടത്തെയും സംരക്ഷിക്കേണ്ടതുണ്ട്. ഇതിനായി നദീതടത്തിനകത്തുവരുന്ന ചെറുനീർത്ത ടങ്ങളെ ആധാരമാക്കി നീർത്തടപ്ലാനുകൾ (തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ) തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, നദികളിലെ മാലിന്യമടങ്ങിയ ചളി/എക്കൽ എന്നിവ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിയും നിർവ്വഹിച്ച് വരുന്നു ഇതോടൊപ്പം, ജലസേചനവകുപ്പ് നദികളിൽ നിർമ്മിച്ചിട്ടുള്ള തടയണ/റെഗുലേറ്ററുകൾ എന്നിവയ്ക്കസമീപം അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചളി/മണൽ, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് നദികളിലെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും ഏറ്റെടുത്തിട്ടുണ്ട്.